പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4538

18.05.2017 - ൽ മറുപടിക്ക്.

## വ്യവസായ സ്ഥാപനങ്ങളിലെ മലിനീകരണം

ചോദ്യം
ശ്രീ. എം. സ്വരാജ്.

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിലെ മലിനീകരണം നിയന്ത്രിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡുമായി ചേർന്ന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്ന് അറിയിക്കുമോ ; | (എ) : വ്യവസായ സ്ഥാപനത്തിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യമാണ്. അനുമതി നൽകുന്ന അവസരത്തിൽ മലിനീകരണ നിയന്ത്രണത്തിനുതകുന്ന നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അനുമതി പത്രത്തിലെ നിബന്ധനകളിലും ഇക്കാര്യം സൂചിപ്പിച്ചിരിക്കും. എറണാകുളം ജില്ലയിൽ ഏലൂരുള്ള ജില്ലാ ഓഫീസ്, എൻവയോൺമെന്റ് സർവൈലൻസ് എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. പെരിയാറിന്റെ തീരത്തുള്ള വ്യാവസായിക മേഖലയുടെ മോണിറ്ററിങ് ആണ് ഈ സെന്ററിന്റെ ചുമതല. മലിനീകരണ നിയന്ത്രണ ബോർഡ് നൽകുന്ന അനുമതി വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്. |
| (ബി) വ്യവസായ സ്ഥാപനങ്ങളുടെ മലിനീകരണം നിയന്ത്രിക്കുന്നതിലേക്കായി കൃത്യമായ പരിശോധനകളും നടപടികളും സ്വീകരിക്കുമോ ; | (ബി) : വ്യവസായ സ്ഥാപനങ്ങളുടെ മലിനീകരണം നിയന്ത്രിക്കുന്നതിലേക്കായി കൃത്യമായ പരിശോധനകളും അതിനനുസരിച്ച നടപടികളും മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ സ്വീകരിക്കുന്നുണ്ട്. |
| (സി) നിയന്ത്രണാതീതമായ മലിനീകരണം നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾക്ക്, മലിനീകരണം നിയന്ത്രിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) : വ്യവസായ സ്ഥാപനങ്ങളിലെ മലിനീകരണം തടയുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് അതത് വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയമാണ്. |

സെക്ഷൻ ഓഫീസർ.